**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4672** **13-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവത്ക്കരണം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മേട്രോപൊളിറ്റൻ നഗരങ്ങളിലെ ലഭ്യമായ സ്ഥലങ്ങളിൽ സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി നല്ലയിനം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം നഗരത്തിൽ വനംവകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ,കാര്യവട്ടം, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ; കൊല്ലം നഗരത്തിൽ എസ്.എൻ.കോളേജ്, കൊല്ലം എന്നിവിടങ്ങളിൽ നഗരവനം പദ്ധതിയിൽ ഉൾപ്പെടുത്തി നല്ലയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | സാമൂഹ്യ വനവത്ക്കരണ പദ്ധതി മെച്ചപ്പെട്ട നിലയിൽ നടപ്പാക്കുന്നതിന് കൂടുതൽ ഫണ്ട് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ; | (ബി) | ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സാമൂഹ്യവനവത്ക്കരണപദ്ധതി കാര്യക്ഷമമായ രീതിയിൽ വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബഹുജന പങ്കാളിത്തത്തോട് കൂടിയും നിലവിൽ പദ്ധതികൾ നടപ്പിലാക്കുന്നു. |
| (സി) | കാർബൺ ബഹിർഗമിക്കുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളുടെ ചുറ്റിലും ഫലവൃക്ഷങ്ങൾ ഉൾപ്പടെ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അന്തരീക്ഷത്തിലേയ്ക്ക് ബഹിർഗമിക്കപ്പെടുന്ന കാർബൺ സ്വാംശീകരിക്കുന്ന, 'കാർബൺ ന്യൂട്രൽ' ആശയത്തിലൂന്നി വൻതോതിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായുള്ള വൃക്ഷസമൃദ്ധി പദ്ധതിയിലൂടെ ഈ വർഷം 23 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച്, നട്ടുപിടിപ്പിച്ച് പരിപാലനം ചെയ്യുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ